(ഡി) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിതരണം ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)&(എഫ്) താലൂക്ക് ലാന്റ് ബോർഡുകളിൽ ഇനിയും തീർപ്പാക്കാതെ കിടക്കുന്ന ഭൂപരിധി നിർണ്ണയ കേസ്സുകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ താലൂക്ക് ലാൻഡ് ബോർഡിന്റെയും ചുമതല ഓരോ പ്രത്യേക ചെയർമാന്റെ (ഡെപ്യൂട്ടി കളക്ടർ/ആർ.ഡി.ഒ) നിയന്ത്രണത്തിലാക്കിക്കൊണ്ടുള്ള ഉത്തരവ് ഇതിനകം ഗവൺമെന്റ് പുറപ്പെടുവിക്കുകയും, അതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. മിച്ചഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകൾ എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിലേക്ക് കോടതി ആവശ്യപ്പെടുന്ന റിക്കാർഡുകളും മറ്റു വിവരങ്ങളും കാലതാമസം കൂടാതെ കോടതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ലാന്റ് ബോർഡ് കൈകൊണ്ടുവരുന്നു. കൂടാതെ കേസുകൾ അടിയന്തിരമായി തീർപ്പുകല്പിക്കുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടു ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ ലാന്റ് ബോർഡ് അസിസ്റ്റന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

207 (273) ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗ സാധ്യത വർധിപ്പിക്കുന്നതിനെ സംബന്ധിച്ച് പഠനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന ക്ഷമത വർധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചെറുകിട ഉല്പാദകരിൽനിന്നും ഉല്പന്നങ്ങൾ വാങ്ങിയവരെ സഹായിക്കുന്നതിനായുള്ള നടപടി ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഡി) കയർ വികസന കോർപ്പറേഷന്റെ നേതൃത്വത്തിലുള്ള ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും വിപണനവും വർധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗ സാധ്യത വർധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റോഡു നിർമ്മാണം, സോയിൽ കൺസർവേഷൻ, വനം, ഇറിഗേഷൻ എന്നീ വകുപ്പുകളുമായി സഹകരിച്ചുള്ള ജിയോ ടെക്സ്റ്റയിൽ ഉപയോഗം സംബന്ധിച്ച് പൈലറ്റ് പ്രോജക്ട് ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ജി) കയർ സഹകരണ മേഖലയിൽ എൻ.സി.ഡി.സി യുടെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി അവയെ പുനരുദ്ധരിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകരിൽ നിന്നും കയറും കയറുല്പന്നങ്ങളും വാങ്ങുന്നതിന് ഡിസ്ട്രസ് പർച്ചേസ് സഹായകമായി 96-97 വർഷത്തിൽ കയർഫെഡിന് 570 ലക്ഷം രൂപയും കയർ കോർപ്പറേഷന് 190 ലക്ഷം രൂപയും ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് കയർഫെഡ് ചെറുകിട ഉല്പാദകരിൽനിന്നും കയർ സഹകരണ സംഘങ്ങളിൽ നിന്നും ഡിസ്ട്രസ് പർച്ചേസ് നടത്തുന്നുണ്ട്.

(ഡി) ഉണ്ട്

(ഇ) ഉണ്ട്. കയർ വകുപ്പുനടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ബൃഹത് പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. അന്തർ ദേശീയതലത്തിൽ 2000 ആണ്ടോടെ 1400 മില്യൺ സ്കയർ മീറ്റർ ജിയോടെക്സ്റ്റയിൽ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 10% കയർ ജിയോടെക്സ്റ്റയിൽസിൽസിനു ലഭ്യമാക്കാൻ കഴിഞ്ഞാൽ സഹകരണമേഖലയിൽ ഉല്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും കയർ ജിയോ ടെക്സ്റ്റയിൽസാക്കി മാറ്റി കയറ്റുമതി ചെയ്യാനാകും. കൂടാതെ സംസ്ഥാന ദേശീയതലത്തിലും കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗത്തിനു വമ്പിച്ച സാധ്യതകളുണ്ട്.

(എഫ്) സോയിൽ കൺസർവേഷൻ, വനം, ഇറിഗേഷൻ എന്നീ വകുപ്പുകളുമായി ചേർന്ന് പൈലറ്റ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. പൊതുമരാമത്തു വകുപ്പുമായി ചേർന്ന് നടത്തുന്ന കൈനകരി റോഡു നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ജി) ഉണ്ട്. സംയോജിത കയർ വികസന പദ്ധതി, കയർ പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക. സ്റ്റോറേജ് സൗകര്യങ്ങൾ വർധിപ്പിക്കുക എന്നിവക്ക് എൻ.സി.ഡി.സിയിൽ നിന്നും ധന സഹായം ലഭിക്കുന്നുണ്ട്.

സംയോജിത കയർ വികസന പദ്ധതി പ്രകാരം കയർ വ്യവസായ സഹകരണ സംഘങ്ങൾക്കനുവദിച്ച പ്രോജക്ട്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റിന്റെ 50% വായ്പയും 25% സംസ്ഥാന സബ്സിഡിയും എൻ.സി.ഡി.സി വായ്പയ്ക്കായി സംസ്ഥാന സർക്കാരിന് അനുവദിക്കുന്നുണ്ട്.

കയർ പ്രോസസ്സിംഗ്/കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രോജക്ട് കോസ്റ്റിന്റെ 95% സംസ്ഥാന സർക്കാരിന് വായ്പയായി എൻ.സി.ഡി.സി അനുവദിച്ചുവരുന്നു. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്കും കയർഫെഡിനും സ്റ്റോറേജ് സൗകര്യങ്ങൾ വർധിപ്പിക്കാനായി ഗോഡൗൺ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ അനുവദിക്കുന്ന വായ്പയും സബ്സിഡിയും മുഴുവനായിത്തന്നെ എൻ.ഡി.ഡി.സി സംസ്ഥാന സർക്കാരിനു വായ്പയായി അനുവദിക്കുന്നു.

208 (274) തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുവിളക്കുകൾ കത്തിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുതിബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരിച്ച് നടത്തേണ്ട പദ്ധതിയായതിനാലാണ് ഇതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വകുപ്പുകളിലെ ബന്ധപ്പെട്ടവരുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഇ) തെരുവുവിളക്കുകൾ കത്തിക്കുന്നതിന് വൈദ്യുതി ബോർഡിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൂട്ടായ ശ്രമം എത്രകണ്ട് ഫലപ്രദമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) തെരുവുവിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) തെരുവുവിളക്കുകൾ കത്തിക്കുക എന്നത് വൈദ്യുതി ബോർഡിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കൂട്ടായ സഹകരണത്തോടെ നടത്തേണ്ട ഒരു ജോലിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകൾക്കാവശ്യമായ സാധനങ്ങൾ വാങ്ങി വൈദ്യുതി ബോർഡിനെ ഏൽപ്പിക്കുന്നു. വൈദ്യുതി ബോർഡ് ജീവനക്കാർ ഇവ ഘടിപ്പിക്കുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ ഇല്ല. ആയതിനാൽ കത്താത്ത വിളക്കുകൾക്കും ചാർജ് നൽകേണ്ടതായിവരുന്നു.

(സി) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly